# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 2980**

**21.08.2017 - ൽ**
**മറുപടിയ്ക്ക്**

### തെങ്ങ്, വാഴ, പച്ചക്കറി എന്നിവയുടെ വിത്തുകളുടെ വിതരണം

**ചോദ്യം**
**ശ്രീ.കെ.സുരേഷ് കുറുപ്പ്**

**മറുപടി**
**ശ്രീ.വി.എസ്.സുനിൽ കുമാർ**
(കൃഷി വകുപ്പ് മന്ത്രി)

സർക്കാർ ഉടമസ്ഥതയിലുള്ള കാർഷിക സ്ഥാപനങ്ങളിലൂടെ തെങ്ങ്, വാഴ, പച്ചക്കറി എന്നിവയുടെ വിത്തുകൾ സുലഭമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

കാർഷിക വികസന കർഷകക്ഷേമ വകുപ്പിന് കീഴിലുള്ള 8 തെങ്ങിൻ തൈ നഴ്സറികൾ മുഖേന തെങ്ങിൻ തൈകളും പച്ചക്കറി തൈകളും, 33 സംസ്ഥാന വിത്തുല്പാദന കേന്ദ്രങ്ങൾ വഴി വിവിധ ഇനം പച്ചക്കറി തൈകളും വിത്തുകളും, 14 സ്പെഷ്യൽ ഫാമുകൾ, 9 ജില്ലാ കൃഷിത്തോട്ടങ്ങൾ എന്നിങ്ങനെ 64 ഫാമുകൾ മുഖേന ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്തു വരുന്നുണ്ട്.

കഴക്കൂട്ടം ബയോടെക്നോളജി ആന്റ് മോഡൽ ഫ്ലോറികൾച്ചർ സെന്റർ, ജില്ലാ കൃഷിത്തോട്ടം തളിപ്പറമ്പ്, ജില്ലാ കൃഷിത്തോട്ടം അഞ്ചൽ എന്നിവിടങ്ങളിൽ മേൽത്തരം ടിഷ്യൂകൾച്ചർ വാഴ തൈകൾ ഉല്പാദിപ്പിച്ച് മിതമായ വിലയ്ക്ക് വിതരണം ചെയ്യുന്നുണ്ട്. വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ മൂവാറ്റുപുഴയ്ക്ക് സമീപം നടുക്കരയിൽ ഒരു വർഷം 2 കോടി പച്ചക്കറി തൈകൾ ഉൽപ്പാദിപ്പിക്കുവാൻ കഴിയുന്ന ഹൈടെക് നഴ്സറി പ്രവർത്തന സജ്ജമായിട്ടുണ്ട്.

വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളത്തിന്റെ (VFPCK) കീഴിലുള്ള ആലത്തൂർ വിത്തു സംസ്കരണ ശാലയിൽ 120 മെട്രിക് ടൺ പച്ചക്കറി വിത്തുകളും, 10 ലക്ഷം ടിഷ്യൂകൾച്ചർ വാഴതൈകളും ഉൽപ്പാദിപ്പിക്കുന്നതിന് നടപടിയെടുത്തിട്ടുണ്ട്. വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളത്തിന്റെ എറണാകുളം, കാസർഗോഡ്, തിരുവനന്തപുരം എന്നിവിടങ്ങളിലെ കൃഷി ബിസിനസ് കേന്ദ്ര വഴി വിത്തുകളും വാഴതൈകളും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**